പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1776

14.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 1989 -ലെ പട്ടികജാതി - പട്ടികവർഗ്ഗവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 1492 കേസുകളിൽ 2780 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 80 കേസുകൾ തീർപ്പാക്കിയിട്ടുണ്ട് (Court Disposal only). |
| (ബി) പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനു വേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിങ്ങ് നടത്തുന്നു. ടി മീറ്റിങ്ങിൽ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി ജില്ലാ പോലീസ് മേധാവി വിലയിരുത്തുന്നതും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസം കൂടുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുന്നു. ടി മീറ്റിങ്ങിൽ വിവിധ പട്ടികജാതി - പട്ടികവർഗ്ഗ |

പ്രതിനിധികൾ, പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പുകൾ, എക്സൈസ് വകുപ്പ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു. ഇത് കൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി - പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റികൾ നടത്തുന്നു. ടി മീറ്റിങ്ങുകളിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. ജില്ലാ പോലീസ് മേധാവിയും ഡി.വൈ.എസ്.പിമാരും ജില്ലയിലെ പട്ടിജാതി- പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുകയും ചെയ്യുന്നു. പട്ടികജാതി - പട്ടികവർഗ്ഗ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗത്തിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസുകളെപ്പറ്റിയും പട്ടികജാതി - പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ